# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **654** **27-04-2017** ൽ മറുപടിക്ക്

<u>പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി</u>

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | കേരളത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (എ) | <u>പട്ടികജാതി വികസന വകുപ്പ്</u><br><br>പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിന് എല്ലാ പട്ടിക ജാതിക്കാർക്കും പാർപ്പിടം നൽകുന്ന പദ്ധതിയടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും, വിദേശ സർവ്വകലാശാലയിൽ പഠിക്കുന്നതിനുള്ള ധനസഹായമടക്കമുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികളും, തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികളും വായ്പ സബ്സിഡി നൽകുന്ന പദ്ധതികൾ ഉൾപ്പെടെ പട്ടിക ജാതിക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതിയ്ക്കായി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക ജാതി വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1). പട്ടിക ജാതി വികസന വകുപ്പിന് കീഴിലുള്ള ഉത്തര-ദക്ഷിണ മേഖല പരിധിയിൽപ്പെടുന്ന ഐ.ടി.ഐ കളിലായി പ്രതിവർഷം പരിശീലനം നേടാൻ കഴിയുന്ന |

| | | | |
|---|---|---|---|
| | | | 2070 പരിശീലനാർത്ഥികൾക്ക് ഐ.ടി.ഐ കളിലെ പരിശീലന സമയം, സാമ്പത്തിക പരാധീനത എന്നിവ കണക്കിലെടുത്തു കൊണ്ടും പരിശീലനാർത്ഥികൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിലും ഉച്ച ഭക്ഷണം നൽകുന്നതിന് 3,10,50,000/- രൂപ അനുവദിച്ചു നൽകി<br>2). വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ റെസിഡൻഷ്യൽ ട്യൂട്ടർമാരുടെ ഓണറേറിയം 2,000/- രൂപയിൽ നിന്ന് 7,500/- രൂപയായി വർദ്ധിപ്പിച്ചു.<br>3). സംസ്ഥാനത്തെ 9 മുതൽ 12 ക്ളാസ്സുവരെ പഠിക്കുന്ന പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക, പഠനത്തിലെ പോരായ്മകൾ കണ്ടെത്തി പരിശീലനം നൽകുക, എന്നീ ഉദ്ദേശത്തോടെ കേന്ദ്രസർക്കാർ പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് (213 വിദ്യാർത്ഥികൾക്ക്) ഡേ സ്കോളേഴ്സിന് 16,000/- രൂപയും ഹോസ്റ്റലേഴ്സിന് 25,000/- രൂപയും അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് ഇനത്തിൽ അനുവദിച്ചു.<br>4). 2007-08 മുതൽ 2012-13 വർഷം വരെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് പഴയ നിരക്കിൽ വാങ്ങിയ ധനസഹായതുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി നൽകുന്നതിന് 18-02-2017 ലെ സ.ഉ.(സാധാ) നമ്പർ. 494/2017/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>5). വിവാഹ ധനസഹായം/മിശ്രവിവാഹ ധനസഹായം 50,000/- രൂപയിൽ നിന്ന് 75,000/- രൂപയാക്കി ഉയർത്തി. മിശ്രവിവാഹ ധനസഹായത്തിന്റെ വരുമാനപരിധി 40,000/-രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്.<br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ |

പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം, ഭവനം, ഭൂമി, സ്വയം തൊഴിൽ എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് വിവിധ വികസന പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 6709 വീടുകൾ പുതിയതായി അനുവദിച്ചു. ജനറൽ ഹൗസിംഗ് സ്കീമിൽ 50.47 കോടി രൂപയും, ഹഡ്കോ ലോൺ തുകയായ 50 കോടി രൂപയും, എസ്.ടി.എസ്.പി ഹൗസിംഗ് സ്കീമിൽ 156.45 കോടി രൂപയും ഉൾപ്പെടെ ആകെ 256.92 കോടി രൂപ ടി ആവശ്യത്തിന് വിനിയോഗിച്ചു മുൻ വർഷങ്ങളിൽ അനുവദിച്ച 4158 വീടുകളുടെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടും.
2. മൺസൂൺ കാലത്ത് പട്ടിക വർഗ്ഗ കുടുംബങ്ങളെ പട്ടിണി ഉണ്ടാകാതെ സംരക്ഷിക്കുന്നതിനായി ഭക്ഷ്യ സഹായ പദ്ധതിയിലുൾപ്പെടുത്തി 86133 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു. ടി ആവശ്യത്തിലേക്ക് 18.55 കോടി രൂപ വിനിയോഗിച്ചു
3. പട്ടിക വർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 13.37 കോടി രൂപ ചെലവഴിച്ചുകൊണ്ട് 174 പേർക്ക് 81,983 ഏക്കർ ഭൂമി വാങ്ങി നൽകി. കൂടാതെ പുനരധിവാസ മേഖലയിൽ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം മുതലായ അടിസ്ഥാന സൗകര്യ വികസനത്തിനായി 30.15 കോടി രൂപയും ചെലവഴിച്ചു ആകെ 43.52 കോടി രൂപ ടി. ആവശ്യങ്ങൾക്ക് വിനിയോഗിച്ചു.
4. കിഫ്ബിയിൽ ഉൾപ്പെടുത്തി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ 10

| | | | |
|---|---|---|---|
| | | | പദ്ധതികൾക്ക് താൽക്കാലിക അംഗീകാരം നൽകി, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം, യൂത്ത് ഹോസ്റ്റൽ നിർമ്മാണം, ഇടുക്കി നാട്ടുകാണി വി. ടി. സി-യുടെ വികസനം എന്നിവ ടി. പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br>5. സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 29614 പട്ടിക വർഗ്ഗവിഭാഗക്കാർക്ക് ചികിത്സാ ആനുകൂല്യം നൽകുന്നതിനു കഴിഞ്ഞു. 16 കോടി രൂപ ടി ആവശ്യത്തിന് വിനിയോഗിക്കാൻ കഴിഞ്ഞു.<br>6. ജനനി- ജന്മരക്ഷ പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്നതിനുമായി 10 കോടി രൂപ വിനിയോഗിച്ചുകൊണ്ട് 11880 പേർക്ക് ആനുകൂല്യം നല്കി.<br>7. കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 47.53 കോടി രൂപയുടെ പദ്ധതിയിൽ നടപ്പിലാക്കി. സമ്പൂർണ്ണ വൈദ്യുതീകരണം, പാലങ്ങൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ നിരവധി പദ്ധതികൾ പട്ടിക വർഗ്ഗ മേഖലയിൽ നടപ്പിലാക്കി. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും ഇതിലുൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, സ്വയം തൊഴിൽ എന്നിവ ലക്ഷ്യം വച്ചു കൊണ്ട് വിവിധ വികസന പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രധാനപ്പെട്ടവ ചുവടെ ചേർത്തിരിക്കുന്നു.

- പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ സ്പിൽ ഓവർ ആയ 23197 വീടുകളുടെ നിർമ്മാണത്തിനായി 177.008 കോടി രൂപ അനുവദിച്ചു നൽകി. ഇതിൽ 4158 വീടുകൾ പൂർത്തീകരിച്ചു. ഈ സാമ്പത്തികവർഷം 6709 പേർക്ക് പുതിയ വീടുകൾ അനുവദിച്ചു .
- കണ്ണൂർ ജില്ലയിൽ ആറളം റീസെറ്റിൽമെന്റ് ഏര്യയിൽ ഭവന നിർമ്മാണത്തിനായി 297.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.
- വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ചോർന്നൊലിക്കുന്ന 200 വീടുകൾ പരമാവധി ഒരു ലക്ഷം രൂപ വിനിയോഗിച്ചു റിപ്പയർ ചെയ്തു വാസയോഗ്യമാക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചു നൽകി.
- വനബന്ധു കല്യാൺ യോജന എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1854 വീടുകളിൽ 1517 വീടുകൾക്ക് എഗ്രിമെന്റ് വെച്ചു.
- അർഹരായ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂരഹിതരായ 174 ഗുണഭോക്താക്കൾക്ക് 81.983 ഏക്കർ ഭൂമി വാങ്ങിയ ഇനത്തിൽ 13,37,64,389/-രൂപ അനുവദിച്ചു നൽകി.
- കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായുള്ള നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നബാർഡ് ഫണ്ടായ 60.75 കോടി രൂപയുടെ പ്രോജക്ടിന് ഭരണാനുമതി നൽകി
- സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി 14.70 കോടി രൂപയുടെ ഭരണാനുമതി ലഭിമാക്കി ഇതിൽ ആദ്യ ഗഡുവായി 11.50 കോടി രൂപ കെ.എസ്.ഇ.ബിക്ക് നൽകി.
- മൺസൂൺ കാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി 25 കോടി രൂപ അനുവദിച്ചതിൽ 1614 ലക്ഷം രൂപ ചെലവഴിച്ച് 83103 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്.
- 153825 കുടുംബങ്ങൾക്ക്, ഓണക്കിറ്റും, 14800 പേർക്ക് ഓണക്കോടിയും വിതരണം ചെയ്തു.
- ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതിക്കായി ഗുണഭോക്തൃ വിഹിതമായി 26.42 ലക്ഷം രൂപ അനുവദിച്ചു.
- 2159 പട്ടിക വർഗ്ഗക്കാരുടെ 1 ലക്ഷം രൂപ വരെയുള്ള കടം എഴുതിതള്ളി ആയതിലേക്കായി 6,17,56,785 രൂപ ചിലവഴിച്ചു.
- കണ്ണൂർ ജില്ലയിലെ ആലക്കോട് പുനരധിവാസ മേഖലകളിൽ 741 ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിനായി 5.12 കോടി രൂപ അനുവദിച്ചു നൽകി.
- ഇടുക്കി ജില്ലയിലെ മേമാരി പട്ടികവർഗ്ഗ കോളനിയിൽ വൈദ്യതീകരണത്തിനായി 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.
- ഇടുക്കി ജില്ലയിലെ മറയൂരിലെ ഉള്ളവയൽക്കുടി കോളനി വൈദ്യതീകരണത്തിനായി 38.86 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി..
- കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ വൈദ്യുതികരണത്തിനായി 1.86 കോടി രൂപ അനുവദിച്ചു നൽകി.

- ഇടുക്കി ജില്ലയിലെ മറയൂർ പഞ്ചായത്തിലെ ചിലന്തൂർ കോളനിയിൽ വൈദ്യുതീകരണത്തിനായി 42.83 ലക്ഷം രൂപഅനുവദിച്ചു.
- ഇടുക്കി ജില്ലയിലെ മറയൂരിലെ അപ്പർവത്സപ്പെട്ടി കോളനിയിൽ വൈദ്യതീകരണത്തിനായി 42.76 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി. .
- കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ 1686.00 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്ന പദ്ധതിൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ 12.00 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- വയനാട് ജില്ലയിൽ തെരഞ്ഞെടുത്ത 241 സർക്കാർ / എയ്ഡഡ് സ്കൂൾ പട്ടികവർഗ്ഗക്കാരിൽ നിന്നും ദിവസവേതന അടിസ്ഥാനത്തിൽ ഓരോ അദ്ധ്യാപകരെ നിയമിക്കുന്ന ( ഗോത്ര ബന്ധു) പദ്ധതിക്ക് ഭരണാനുമതി നൽകി.
- പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കു ന്ന തിനായി 15 കോടി രൂപ അനുവദിച്ചു നൽകി.
- കണ്ണൂർ ജില്ലയിലെ ആലക്കോട് പുനരധിവാസ മേഖലയിലെ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 60.76 ലക്ഷം രൂപ അനുവദിച്ചു നൽകി.
- പാലക്കാട് ജില്ലയിൽ കോട്ടപ്പാടം ഗ്രാമ പഞ്ചായത്തിലെ മൂന്ന് കുടിവെള്ള പദ്ധതിക്കായി 20.20 ലക്ഷം രൂപ അനുവദിച്ചു.
- ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് കൊലിമ്പൻ കോളനിയിൽ കുടിവെള്ള പദ്ധതിക്കായി 23.50 ലക്ഷം രൂപ അനുവദിച്ചു.
- വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിലെ കഴമ്പുകോളനിൽ കുടിവെള്ള പദ്ധതിക്കായി 9 ലക്ഷം രൂപ അനുവദിച്ചു.
- എറണാകുളം ജില്ലയിൽ നേര്യമംഗലം റീസെറ്റിൽമെന്റ് ഏര്യായിൽ കുടിവെള്ള പദ്ധതിക്കായി 60.30 ലക്ഷം രൂപ അനുവദിച്ചു.
- പാലക്കാട് ജില്ലയിൽ പൊട്ടൊംപാടം ഗ്രാമപഞ്ചായത്തിൽ 20 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി
- മലപ്പുറം ജില്ലയിൽ ചേനപൊട്ടി കോളനിയിൽ കുടിവെള്ള പദ്ധതിയ്ക്കായി 30 ലക്ഷം രൂപയുടെ പദ്ധതി അനുവദിച്ചു.
- പോത്തുകൽ ഗ്രാമ പഞ്ചായത്തിലെ ചേനംപൊറ്റി പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള പദ്ധതിയ്ക്ക് 29.96 ലക്ഷം രൂപ അനുവദിച്ചു.
- 250 വംശീയവൈദ്യന്മാർക്ക് 10,000 രൂപ വീതം 25 ലക്ഷം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു.
- ഇടമലക്കുടിയിൽ യാത്രാ സൗകര്യത്തിനായി ജീപ്പും, ചികിത്സാ സൗകര്യത്തിനായി ആംബുലൻസും വാങ്ങുന്നതിന് ഭരണാനുമതി നൽകി.
- അട്ടപ്പാടി കോട്ടത്തറയിലെ ഗവ.ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഹോസ്പിറ്റൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 180.00 ലക്ഷം രൂപ അനുവദിച്ചു.
- വയനാട് ജില്ലയിലെ നല്ലൂർനാട് അംബേദ്ക്കർ മെമ്മോറിയൽ ക്യാൻസർ ഹോസ്പിറ്റലിൽ സി.റ്റി.സിമുലേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനായി 108.00 ലക്ഷം രൂപ അനുവദിച്ചു.
- KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

1. തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചലിൽ എം.ആർ.എസ് നിർമ്മാണം
2. (25 കോടി).

3. **കണ്ണൂർ ജില്ലയിൽ** ആറളത്ത് പുതിയ എം.ആർ.എസ് നിർമ്മാണം (25 കോടി).
4. കാസറഗോഡ് ജില്ലയിൽ ബദഡുക്കയിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)
5. കാസറഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി രൂപ)
6. കൊല്ലം ജില്ലയിൽ അച്ചൻകോവിലിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ (5 കോടി)
7. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ (5 കോടി)
8. എറണാകുളം ജില്ലയിൽ ഇടമലയാറിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)
9. എറണാകുളം ജില്ലയിൽ നേര്യമംഗലത്ത് പെൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)
10. ഇടുക്കി ജില്ലയിൽ കോടാലിപ്പാറയിൽ ആൺകുട്ടികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)
11. വി.റ്റി.സി. ഇടുക്കിയിൽ പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം (10 കോടി)
12. തിരുവനന്തപുരം ജില്ലയിൽ പാലോടിൽ എസ്.ടി. യൂത്ത് ഹോസ്റ്റൽ നിർമ്മാണം (5 കോടി).

- പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ഗ്രൂപ്പ് സംരംഭ ങ്ങളിലൂടെ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടി ക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിൽഅവസ ര ങ്ങൾ ഉണ്ടാക്കു ന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന തൊഴിൽ പരിശീലനം നൽകുന്നതിന് 334.10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിമാക്കി പദ്ധതി ആരംഭിച്ചു.
- പട്ടികവർഗ്ഗ കുട്ടികൾക്കായി പാരാമെഡിക്കൽ കോഴ്സ് പഠിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിച്ചു.
- തെരഞ്ഞെടുത്ത പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന 223 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണത്തിനായി ഭരണാനുമതി നൽകി.
- പ്രമോട്ടർമാരുടെ പരിശീലനത്തിനായി 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി
- ആറളം ടി.ആർ.ഡി.എം സൈറ്റിലെ മാനേജരുടെ ഓഫീസ് ബിൽഡിംഗും സ്റ്റാഫ് ക്വാർട്ടേഴ്സും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 30 ലക്ഷം രൂപ അനുവദിച്ചു.
- അട്ടപ്പാടിയിൽ 3.50 കോടി രൂപ ചെലവഴിച്ച് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.
- എറണാകുളം ജില്ലയിൽ കുട്ടമ്പുഴയിൽ മിൽമ മുഖേന ജീവനോപാധി പദ്ധതി (ക്ഷീര വികസനം) നടപ്പിലാക്കുന്നതിനായി 1.68 കോടി രൂപയുടെ പദ്ധതി അനുവദിച്ചു.
- വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ മൊബൈൽ മെഡിക്കൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി 66.121 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി.
- 595 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ 1.50 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകി.
- കൈത്താങ്ങ് പദ്ധതിയിൽ 432 അനാഥ കുട്ടികൾക്ക് 1.03 കോടി രൂപയുടെ സഹായം നൽകി.

- ജനനി ജന്മരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമ്മാർക്കും പോഷകാഹാരത്തിനായി 10 കോടി രൂപ 11850 പേർക്ക് തുടർ പദ്ധതിയായി ഈ വർഷം ചെലവഴിച്ചു.
- പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കുവേണ്ടിയുളള ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനും മുൻവർഷത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 6.67 കോടി രൂപ അനുവദിച്ച് 353 സ്കൂളുകളിൽ പഠിക്കുന്ന 12831 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം നൽകിയിട്ടുണ്ട്.
- നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾ വിവാഹധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 135 ലക്ഷം രൂപ അനുവദിച്ചു നൽകി.
- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അട്ടപ്പാടി കാരുണ്യാശ്രമം, മാനന്തവാടി കുഴിനിലം അഗതി മന്ദിരം, വൈത്തിരി സുഗന്ധഗിരി കെയർഹോം എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 39.31 ലക്ഷം രൂപ അനുവദിച്ചു നൽകി.
- പട്ടികവർഗ്ഗ കുട്ടികൾക്കുള്ള എൻട്രൻസ് പരീക്ഷ എഴുതുന്നതിനായി സ്പെഷ്യൽ കോച്ചിംഗ് ക്രാഷ് കോഴ്സ് നടത്തുന്നതിന് 28.24 ലക്ഷം രൂപ അനുവദിച്ചു.
- സിക്കിൾ സെൽ അനീമിയ ബാധിതരായ കുട്ടികൾക്കും മാതാപിതാക്കൾക്കും ഹെൽത്ത് കാമ്പയിൻ നൽകുന്നതിനായി 12.00 ലക്ഷം രൂപ അനുവദിച്ചു.
- കണ്ണൂർ ജില്ലയിൽ ആറാളം റീസെറ്റിൽമെന്റ് ഏര്യയിലെ സിക്കിൾ സെൽ അനീമിയ ബാധിതരായവർക്കുവേണ്ടി മൊബെൽ മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതിനായി 32.68 ലക്ഷം രൂപ അനുവദിച്ചു.
- മൂന്നാർ, എം. ആർ.എസിൽ പുതിയ സ്റ്റാഫ് ക്വാട്ടേഴ്സ് പണിയുന്നതിനും, എം. ആർ.എസിന്റെ നവീകരണപ്രവർത്തനങ്ങൾക്കായും 343.99 ലക്ഷം രൂപ അനുവദിച്ചു.
- ചാലക്കുടി എം. ആർ. എസ്സിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 160.00 ലക്ഷം രൂപ അനുവദിച്ചു.
- കണ്ണൂരിലെ എം. ആർ. എസ്സിന്റെ നവീകരണത്തിനും പുതിയ നിർമ്മാണപ്രവർത്തനങ്ങൾക്കും 191.33 ലക്ഷം രൂപ അനുവദിച്ചു.
- എം.ആർ.എസ്സുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ കലാപരവും കായികപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് "സർഗ്ഗോത്സവം" എന്ന പേരിൽ സംസ്ഥാനതല യൂത്ത് ഫെസ്റ്റിവലും "കളിക്കളം" എന്ന പേരിൽ സംസ്ഥാനതല കായികമേളയും, "ഗദ്ദിക" എന്ന പേരിൽ ഗോത്രവർഗ്ഗ നാടൻ കലാമേളയും, പ്രദർശന വില്പനമേളയും സംഘടിപ്പിച്ചു.
- വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന 'ഉറവ്' എന്ന സ്ഥാപവുമായി ചേർന്ന് പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് മുള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി 8.50 ലക്ഷം രൂപ അനുവദിച്ചു.
- തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ തിരുമണി മട്ടിൻമുഗൾ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 69 ലക്ഷം രൂപ അനുവദിച്ചു.
- പാലക്കാട് ജില്ലയിൽ കാഞ്ഞിരംപ്പുഴ ഗ്രാമപഞ്ചായത്തിലെ വെറ്റിലചോല പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 52.80 ലക്ഷം രൂപ അനുവദിച്ചു.
- കണ്ണൂർ ജില്ലയിലെ ആലക്കോട് റീ സെറ്റിൽമെന്റു ദേശത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മി ക്കുന്നതിനായി 57.80 ലക്ഷം രൂപ അനുവദിച്ചു നൽകി.
- പാലക്കാട് ജില്ലയിൽ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ അണക്കൽ പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 30.00 ലക്ഷം രൂപ അനുവദിച്ചു

- പാലക്കാട് ജില്ലയിൽ കാഞ്ഞിരംപ്പുഴ ഗ്രാമപഞ്ചായത്തിലെ വെറ്റിലചോല പട്ടികവർഗ്ഗ കോളനിയിൽ റോഡ് നിർമ്മാണത്തിനായി 95.00 ലക്ഷം രൂപ അനുവദിച്ചു.
- തിരുവനന്തപുരം ജില്ലയിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പോട്ടമാവ് കോളനിയിൽ റോഡ് നിർമ്മാണത്തിനായി 23.70 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി.
- തിരുവനന്തപുരം ജില്ലയിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പോട്ടമാവ് കോളനിയിൽ എംജി.എൽസിയുടെ റോഡ് പുനരദ്ധാരണത്തിനായി 25.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.
- തിരുവനന്തപുരം ജില്ലയിൽ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ഇളവട്ടം നീർപ്പാറ ഐ.എച്ച്.ഡി.പി കോളനിയിൽ റോഡ് നിർമ്മാണത്തിനായി 25.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.
- എറണാകുളം ജില്ലയിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് താളുംകണ്ടം കോളനി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചു.
- കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചെമ്പുക്കടവ് വെണ്ടക്കുംപ്പോച്ചിൽ മുട്ടിത്തോട് റോഡ് റീ-ടാറിംഗിന് 12 ലക്ഷം രൂപ അനുവദിച്ചു.
- നെടുമങ്ങാട് ആറ്റുമൺമുറത്ത് കല്ലാർ നദിക്കു കുറുകെ പാലവും റോഡും നിർമ്മിക്കുന്നതിന് അധിക തുക നൽകുന്നതിന് 22 ലക്ഷം രൂപ അനുവദിച്ചു.
- വയനാട് ജില്ലയിലെ മാനന്തവാടിയിൽ നഗരസഭയിലെ വിളനിലാം കോളനിയിലെ തോടിനു കുറുകെ പാലം നിർമ്മാണത്തിനായി 50 ലക്ഷംരൂപ അനുവദിച്ചു.
- വിവിധ ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രീ ഫാബ് മെറ്റീരിയൽ ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തങ്ങൾക്ക് 57.00 ലക്ഷം രൂപ അനുവദിച്ചു.
- എറണാകുളം ജില്ലയിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് വെള്ളാരംകുത്ത് പരമേശ്വരമ്പാടി കലുങ്ക് നിർമ്മാണത്തിനായി 15 ലക്ഷം രൂപ അനുവദിച്ചു.
- അഗളയിലെ അട്ടപ്പാടി കോർപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ചിണ്ടക്കി ഫാമിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് 26.85 ലക്ഷം രൂപ അനുവദിച്ചു.
- വയനാട് ജില്ലയിൽ സുഗന്ധഗിരിയിലെ മാങ്ങപ്പാടി-ആനപ്പാടി റോഡിന്റെ നിർമ്മാണത്തിനും, നവീകരണത്തിനുമായി 111.85 ലക്ഷം രൂപ അനുവദിച്ചു.
- ഇടുക്കി ജില്ലയിൽ വെള്ളക്കയത്ത് പുതിയ ഒ.പി ക്ലിനിക് തുടങ്ങുന്നതിനായി കെട്ടിടം പണിയുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ചു.
- മലമ്പുഴ എം.ആർ. എസ്സിന്റെ നവീകരണത്തിനായി 294.85 ലക്ഷം രൂപ അനുവദിച്ചു.
- പ്രീമെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി 4.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.
- എം.ആർ.എസ്സുകളിലെ കുട്ടികൾക്ക് നൈപുണ്യ വികസനത്തിനായി 50.00 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ചു.
- പാലക്കാട് ജില്ലയിൽ നൂറാണിയിലുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിടം പണിയുന്നതിനായി 23.30 ലക്ഷം രൂപ അനുവദിച്ചു.
- തലപ്പുഴയിലെ പട്ടികവർഗ്ഗ ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റൽ പുതുക്കി പണിയുന്നതിന് 19.75 ലക്ഷം രൂപ അനുവദിച്ചു.

- അട്ടപ്പാടി എം.ആർ.എസിൽ ഫർണിച്ചർ വാങ്ങുന്നതിനായി 45.91 ലക്ഷം രൂപ അനുവദിച്ചു.
- മയ്യിൽ പെൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിൽ അറ്റകുറ്റപണികൾ ചെയ്യുന്നതിനായി 19.34 ലക്ഷം രൂപ അനുവദിച്ചു.
- കട്ടേലയിലും കുളത്തുപ്പുഴയിലും എം.ആർ. എസ്സുകളിൽ മൾട്ടി പർപ്പസ് പ്ലേഗ്രൗണ്ട് (കോർട്ട്) നിർമിക്കുന്നതിനായി 100 ലക്ഷം രൂപ അനുവദിച്ചു.
- പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഡിജിറ്റൽ ക്ലാസ്സ് റൂം നിർമിക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ചു.
- പട്ടികവർഗ്ഗ വികസന ഡിപ്പാർട്ടുമെന്റിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 470.85 ലക്ഷം രൂപ അനുവദിച്ചു.
- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ 13 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ് നൽകുന്നതിന് 119.297 ലക്ഷം രൂപ അനുവദിച്ചു.
- കട്ടേല മോഡൽ റസിഡൻഷ്യൽ സ്കൂളിലെ മെസ്ഹാൾ വിപുലീകരണവും അറ്റകുറ്റപണികളും നടത്തുന്നതിന് 87.598 ലക്ഷം രൂപ അനുവദിച്ചു.
- പ്രീമെട്രിക് എസ് റ്റി ഹോസ്റ്റൽ, പറളിയുടെ നവീകരണത്തിനായി 30.29 ലക്ഷം രൂപ അനുവദിച്ചു.
- ഞാറനീലി പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സി.സി.ടി.വി.സ്ഥാപിക്കുന്നതിന് 49.944 ലക്ഷം രൂപ അനുവദിച്ചു.
- തിരുവനന്തപുരം മണ്ണന്തല ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ പൂർത്തീകരണത്തിനായി 104 ലക്ഷം രൂപ അനുവദിച്ചു.
- കോഴിക്കോട് ജില്ലയിലെ പുതുപ്പാടി പ്രീമെട്രിക് ഹോസ്റ്റലിന്റെ നവീകരണത്തിനായി 27 ലക്ഷം രൂപയുടെ അനുമതി നൽകി.
- കണ്ണൂർ ജില്ലയിൽ വെളിമാനം പെൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിനായി 33 ലക്ഷം രൂപ നൽകി.
- കോഴിക്കോട് പൂലക്കടവ് പോസ്റ്റ് മെട്രിക് ഹോസ്റ്റ്ലിന് 25 ലക്ഷം രൂപ നൽകി
- തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് – നന്ദിയോട് പ്രീമെട്രിക് ഹോസ്റ്റലിന് 30 ലക്ഷം രൂപ നൽകി.
- എം.ആർ.എസ്സിന്റെ നവീകരണത്തിനായി 2.32 കോടി രൂപയും ഞാറനീലി സി.ബി.എസ്.സി സ്കൂളിന്റെ നവീകരണത്തിനായി 58 കോടിയും അനുവദിച്ചു.
- 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻ.റ്റി.റ്റി.എഫ് എന്ന സാങ്കേതിക സ്ഥാപനം മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തി വരുന്നു.

**പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.**

**സാമൂഹിക പഠനമുറി**

ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നതാണ്. ഹാംലെറ്റിനെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ

ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റം വരും. കുട്ടികൾക്കുള്ള ലഘു ഭക്ഷണത്തിനുള്ള തുക കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കാന്നു. മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ഡയറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്.

## ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി/ബി.എഡ് യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി മാസം 15000 രൂപ ഓണറേറിയം നിരക്കിൽ പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസ ഉപദേശകനായോ പ്രവർത്തിപ്പിക്കാൻ ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുകയും കൊ ഴിഞ്ഞ് പോക്ക് കുറയ്ക്കുകയും 100 ശതമാനം ആദിവാസി കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്കു വേണ്ട പരിശീലനം നൽകി ഒരു സോഷ്യൽ വർക്കറായും ഉപദേശകനായും ഇവർ പ്രവർത്തിക്കേണ്ടതാണ്. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റെയും സ്കൂളിന്റെയും ഇടയിൽ പ്രവർത്തിക്കുന്നവരുമായിരിക്കണം.

മെന്റർ ടീച്ചർമാരെ തെരഞ്ഞെടുക്കുന്നതിനായി വിജ്ഞാപനം നടത്തിയിട്ടുണ്ട്. ടീച്ചർമാരെ അടുത്ത അദ്ധ്യയനവർഷം നിയോഗിക്കുന്നതാണ്.

പ്രീമെട്രിക് ഹോസ്റ്റലിലെ അന്തേവാസികളുടെ പഠന സഹായത്തിനായി 20 കുട്ടികൾക്ക് 1 പാർട്ട് ടൈം ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ 04/10/2016 ലെ ഡി3-17072/16 നം. പ്രകാരം സമർപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റൽ, എം.ആർ.എസ്സുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനു ഒരു വിദഗ്ദ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി വിദഗ്ദ സമിതി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ നിലവിലില്ലാത്ത ഹോസ്റ്റലുകൾ, എം.ആർ.എസ്സുകൾ ടി നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി, ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**

## പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി

ചിന്നിച്ചിതറി താമസിക്കുന്ന ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിനായി വിവിധ വകുപ്പുകളുമായി വിശദമായ ചർച്ചകളും വിഭവങ്ങൾ രേഖപ്പെടുത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ അന്തിമമാക്കുക എന്നത് അനിവാര്യമാണ്. ഓരോ മൈക്രോപ്ലാനും അതാത് ജില്ലാകളക്ടറുടെ അംഗീകാരം നേടുന്നതാണ്.

ഗ്രാമവികസനം, സാമൂഹ്യനീതി, വനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വികസന വകുപ്പുകളും കുടുംബശ്രീ മിഷൻ എം.എൻ.ആർ.ഇ.ജി.എസ്,പഞ്ചായത്തുകളും, പ്രാദേശിക, ജില്ലാ, സംസ്ഥാന തലത്തിൽ ഏകോപനം ഉറപ്പാക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെയും ആസൂത്രണബോർഡ് വൈസ് ചെയർമാന്റേയും നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്ന

തതല കമ്മിറ്റിയാണ് സംസ്ഥാന തലത്തിൽ ഈ പരിപാടി മോണിറ്റർ ചെയ്യുന്നത്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 75 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കരുതുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതിക്കായുള്ള കരട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കരട് മാർഗ്ഗരേഖ സർക്കാർ പരിഗണനയിലാണ്.

2016-17 സാമ്പത്തിക വർഷത്തിൽ അർഹരായ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂരഹിതരായ 174 ഗുണഭോക്താക്കൾക്ക് 81.983 ഏക്കർ ഭൂമി വാങ്ങിയ ഇനത്തിൽ 1493.71 ലക്ഷം രൂപ അനുവദിച്ചു നൽകി.

## ദാരിദ്ര്യ നിർമ്മാർജ്ജനം

2016-17 സാമ്പത്തിക വർഷത്തിൽ **ഭക്ഷ്യ സഹായ പദ്ധതി** വഴി ദാരിദ്ര്യ **നിർമ്മാർജ്ജനത്തിനായി** 83,103 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യവിതരണം നടത്തിയിട്ടുണ്ട് (1614 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്) 153825 കുടുംബങ്ങൾക്ക്, ഓണക്കിറ്റ് വിതരണം ചെയ്തു.

## കമ്മ്യൂണിറ്റി കിച്ചൺ

കോർപ്പസ് ഫണ്ടിൽ നിന്നും സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയിലെ വീഴ്ചകൾ പരിഹരിച്ച് പദ്ധതി തുടർന്നു വരുന്നു. അട്ടപ്പാടി മേഖലയിൽ 142 ഊരുകളിലും പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 350.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 192 കമ്മ്യൂണിറ്റി കിച്ചണുകൾ അഗളി, ഷോളയൂർ, പുതൂർ എന്നീ സ്ഥലങ്ങളിൽ ആരംഭിച്ചു.

## ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ഗോത്രവാത്സല്യനിധി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. പദ്ധതി രേഖ തയ്യാറാക്കി 2017-ജൂണിൽ നിർവ്വഹണം ആരംഭിക്കുന്നതാണ്.

അർഹരായ മുഴുവൻ പട്ടികവർഗക്കാർക്കും വീടും, സ്ഥലവും ലഭ്യമാക്കുക എന്നത് പട്ടികവർഗ വികസന വകുപ്പിന്റെ സ്വപ്നപദ്ധതിയാണ്. ഭൂമിയില്ലാത്ത പട്ടികവർഗക്കാർക്ക് 'ഭൂമി വാങ്ങി നൽകൽ പദ്ധതി', ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കി വരുന്നു.

## 1) ഭൂമി വാങ്ങി നൽകൽ പദ്ധതി

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ചെലവഴിച്ച് 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതിയാണിത്.

## 2) ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസം (ടി.ആർ.ഡി.എം)

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ കുടുംബങ്ങൾക്ക് ഒരേക്കർ ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിനും അർഹതയുണ്ട്.

3) വനാവകാശ നിയമം-2006

തലമുറകളായി വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി സമൂഹങ്ങൾക്ക് വനഭൂമിയിലും, വനവിഭവങ്ങൾക്കുമേലുള്ള അവരുടെ രേഖപ്പെടുത്തിയിട്ടില്ലാത്ത അവകാശങ്ങൾ രേഖപ്പെടുത്തി നൽകുക എന്നതാണ് വനാവകാശ നിയമത്തിന്റെ ഉദ്ദേശ്യം.

ഭവനനിർമ്മാണ പദ്ധതി

ഭവനരഹിതരായ പട്ടികവർഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.ടി.എസ്.പി. ഭവനനിർമ്മാണം, ഹഡ്കോ ഭവനനിർമ്മാണം എന്നീ പദ്ധതികളിലുൾപ്പെടുത്തി വീടുകൾ അനുവദിച്ചുവരുന്നു. 2011-12 മുതൽ 2014-15 വരെ ജനറൽ ഹൗസിംഗ് പദ്ധതിയിലുൾപ്പെടുത്തി 6134 വീടുകളും, 2015-16 സാമ്പത്തികവർഷം ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2020 വീടുകളും, എ.ടി.എസ്.പി. ഭവനനിർമ്മാണ പദ്ധതി പ്രകാരം 9425 വീടുകളും അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം ഹഡ്കോ ഭവനപദ്ധതിയിലുൾപ്പെടുത്തി 2980 വീടുകളും, ജനറൽ ഹൗസിംഗ് പദ്ധതിയിൽ 1875 (1851 + 24 ഈന്തുംകരി കോളനിയിൽ) വീടുകളും, വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം 1854 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

ഇതിൽ പ്രകാരം 2016-17 വർഷത്തെ ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി സ.ഉ (സാധാ) നം.747/2017/പജപവവിവ തീയതി 21/03/2017 ലെ സർക്കാർ ഉത്തരവ് പ്രകാരം 10 കോളനികളെ തെരഞ്ഞെടുത്തിരിക്കുന്നു.

| ക്രമ നം. | ജില്ല | സങ്കേതങ്ങളുടെ പേര് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | എറണാകുളം | പന്ത്രപ്ര കോളനി | കുട്ടംപുഴ |
| 2 | ഇടുക്കി | ചെറുവാട് പട്ടികവർഗ്ഗ കോളനി | അറയൂർ |
| 3 | പാലക്കാട് | പാമ്പൻ തോട് കോളനി | കാഞ്ഞിരപ്പുഴ |
| 4 | പാലക്കാട് | ചപ്പക്കാട് കോളനി | മുതലമട |
| 5 | മലപ്പുറം | പാറേക്കാട്, ഇടിവണ്ണ എസ്.ടി കോളനി | ചാലിയാർ |
| 6 | മലപ്പുറം | കൽക്കുളം തിക്കടി കോളനി, ഉച്ചക്കുളം കോളനി | മുത്തേടം |
| 7 | കോഴിക്കോട് | അടുപ്പിൽകെട്ടിൽ, വലയങ്ങാട്, ഓടങ്കോട്, കുടിൽപ്പാറ എന്നീ കോളനികൾ | വാണിമേൽ, കാവിലുംപാറ, മരുതേങ്കര എന്നീ ഗ്രാമപഞ്ചായത്തുകൾ |
| 8 | കോഴിക്കോട് | നരേന്ദ്രദേവ്, കൊളത്തൂർ, സീതപ്പാറ, ആലമ്പാറ എന്നീ കോളനികൾ | ചക്കിട്ടപ്പാറ |
| 9 | കണ്ണൂർ | ചടിച്ചിക്കുണ്ടം പട്ടികവർഗ്ഗ കോളനി | പടിയൂർ |
| 10 | കാസറഗോഡ് | വായിക്കാനം | ഈസ്റ്റ് എളേരി |

സെക്ഷൻ ഓഫീസർ